ENTRI

1 Crore User Downloads

# CURRENT AFFAIRS 16 JULY 2025

- **ആപ്പിളിന്റെ പുതിയ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ആയി നിയമിതനായ ഇന്ത്യൻ വംശജൻ**
  സാബിഹ് ഖാൻ



സാബിഹ് ഖാൻ

---

- **2025ലെ ചമ്പക്കുളം മൂലം വള്ളം കളി ജേതാക്കൾ**
  ചെറുതന ചുണ്ടൻ
  - പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബിന്റെ (എൻസിബിസി ബോട്ട് ക്ലബ്) ചെറുതന പുത്തൻ ചുണ്ടൻ രാജപ്രമുഖൻ ട്രോഫി നേടി.
  - തിരുവിതാംകൂർ രാജവംശത്തിന്റെ ഓർമയ്ക്കായി നൽകപ്പെടുന്നതാണ് ഈ പുരസ്കാരം.
  - ചമ്പക്കുളം ചുണ്ടൻ രണ്ടാമതും ആയാപറമ്പ് വലിയദിവാൻജി മൂന്നാമതുമായി ഫിനിഷ് ചെയ്തു.



---

- **അമർനാഥ് യാത്രയുടെ സുരക്ഷിതവും തടസ്സമില്ലാത്തതുമായ നടത്തിപ്പ് ഉറപ്പാക്കാൻ ലക്ഷ്യമിട്ട് ഇന്ത്യൻ സൈന്യം ആരംഭിച്ച സുരക്ഷാ ഓപ്പറേഷൻ**
  ഓപ്പറേഷൻ ശിവ 2025



---

- **മത്സ്യകൃഷിയിലെ മികച്ച നേട്ടങ്ങൾക്ക് കേരള ഫിഷറീസ് വകുപ്പ് നൽകുന്ന 2025-ലെ എക്സലൻസ് അവാർഡ് നേടിയ കേരളത്തിലെ ജില്ല**
  കാസർഗോഡ്

---

- **2025 ജൂലൈയിൽ തുർക്കി കോടതി വിലക്ക് ഏർപ്പെടുത്തിയ ചാറ്റ് ബോട്ട്**
  ഗ്രോക്ക് (Grok)
  - പ്രസിഡന്റ് തയ്യിപ് എർദോഗനെ അപമാനിച്ചെന്ന് ആരോപിച്ചാണ് ഗ്രോക്കിലേക്കുള്ള പ്രവേശനം തുർക്കി കോടതി തടഞ്ഞത്.
  - ഇലോൺ മസ്ക് സ്ഥാപിച്ച കമ്പനിയായ xAI വികസിപ്പിച്ചെടുത്ത കൃത്രിമ ബുദ്ധി ചാറ്റ്ബോട്ടാണ് ഗ്രോക്ക് (Grok).

Grok

---

- **ആഗോള ഔഷധ കടത്ത് തടയിടുന്നതിനും, നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഔഷധ വിതരണ ശൃംഖലകൾ അടച്ചു പൂട്ടുന്നതിനും നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ ആരംഭിച്ച ഓപ്പറേഷൻ**
  ഓപ്പറേഷൻ മെഡ് മാക്സ്